HON'BLE MR. K. M. KORAH : ഇതിനേ സംബന്ധിച്ച് എനിക്ക് പറയുവാനുള്ളത് ചെമ്പ് അഞ്ചലാഫീസിൽനിന്നും ഇപ്പോൾ ആ പ്രദേശത്തിരിക്കുന്ന ആഫീസിലേക്ക് രണ്ടര മൈലേയുള്ളു. ഏകദേശം അതുസരിച്ച് കുറഞ്ഞത് മുന്നു മൈലെങ്കിലും ദൂരമുണ്ടായിരുന്നാൽ മാത്രമേ പുതുതായി അഞ്ചലാഫീസ് സ്ഥാപിക്കുവൂ.

MR. P. GOPALAN : ബ്രഹ്മമംഗലം സഞ്ചാരസൌകര്യം കുറവുള്ള സ്ഥലമാണെന്നറിയാമോ?

HON'BLE MR. K. M. KORAH : അറിയാം.

Lift Irrigation.

209. MR. P. GOPALAN: Will the Hon'ble Minister for Agriculture be pleased to state:

(*a*) whether the Government have received any representations for the survey of the possibilities of lift irrigation at Mulakulam in Vaikom taluk; and

(*b*) if the answer to above is in the affirmative what steps have been taken by the Department?

HON'BLE MR. K. M. KORAH: (*a*) No.

(*b*) Does not arise in view of the answer to (*a*).

Agricultural Income.

210. MR. K. S. JOSEPH (*Thiruvella VI—General*) : Will the Hon'ble Minister for Income tax be pleased to state:

(*a*) the basis or data on which agricnltural incomes are assessed for purposes of income-tax whether the Agriculturist has not produced accounts or kept accounts in the form of day books and ledgers;

(*b*) whether officers are expected or instructed to make local investigations for making assessments;

(*c*) whether they are expected to comply with the request of assessees for such local investigations; and

(*d*) whether it was on the recommendation of the Income-tax Commissioner that Agricultural income-tax comes between income of Rs. 2,000 and Rs. 3,000 were transferred to Tahsildars?

HON'BLE MR. C. KESAVAN: (*a*) Where correct accounts, even if they are not in the form of Day Books, and Ledgers, are maintained the income is computed on the basis of the accounts. In the absence of correct accounts the income is fixed with regard to the nature of the land, its fertility, yield per acre conceded by neighbouring cultivators etc. Information is also obtained from the Revenue authorities.

(*b*) The Income tax Officers make local investigation if they think it necessary.

(*c*) They comply with the assessees' requests in cases where local investigation is necessary.

(*d*) Yes.

LIBRARY ARCHIVES Kerala Legislative Assembly

MR. K. S. JOSEPH: Are these assessers directed to go to the part ?

HON'BLE MR. C. KESAVAN: When they are requested they will investigate.

MR. P. T. CHACKO: May I know who is to decide whether local investigation is necessary ?

HON'BLE MR. C. KESAVAN: The Officer will say and the party will ask for an investigation.

MR K. S. JOSEPH : താലൂക്കുകച്ചേരികളിൽനിന്നും ആദായനികുതി നിയമം പഠിച്ചിട്ടില്ലാത്തവരെയാണോ നികുതിപിരിക്കുന്നതിന് നിയോഗിക്കാറുള്ളതെന്നറിയാമോ?

HON'BLE MR. C. KESAVAN : അറിവില്ല.

MR. P. T. CHACKO : ഈ നിയമങ്ങൾ അറിയാൻ പാടില്ലാത്തവരെ ഈ ആദായനികുതി പിരിക്കുന്നതിന് നിയമിക്കുവാൻ പാടില്ലെന്ന് മനസ്സിലായിട്ടുണ്ടോ?

HON'BLE MR. C. KESAVAN : അവിടെ ഉള്ളവരൊക്കെ നിയമം മനസ്സിലാക്കിയിട്ടുള്ളവരാണ്. ചിലക്കു പരിശീലനം നൽകിയിട്ടുണ്ട്. ചിലർ നിയമജ്ഞർ ആണ്.

MR. P. T. CHACKO : പരിശീലനം കൊടുത്തത് എത്ര കാലത്തേയ്ക്കാണ്.

HON'BLE MR. C. KESAVAN : അവക്ക് നിയമം മനസ്സിലാക്കാൻ കഴിയുന്നതുവരെ.

MR. K. S. JOSEPH : ഡേബുക്ക്, ലഡ്ജർ, മുതലായവ ശരിയായി സൂക്ഷിച്ചിട്ടില്ലാത്തവരുടെ പക്കൽനിന്നും ആദായനികുതി പിരിച്ചെടുക്കുന്നത് എങ്ങനെയാണ്?

HON'BLE MR. C. KESAVAN : അതിനെക്കുറിച്ച് ഞാൻ മുൻപുതന്നെ പറഞ്ഞു കഴിഞ്ഞു.

MR. K. S. JOSEPH : ആദായനികുതി മുമ്പെ പിരിച്ചുവന്നത് റവന്യൂ ഡിപ്പാർട്ടുമെൻറ് മുഖേനയാണെന്ന് അറിയാമോ?

HON'BLE MR. C. KESAVAN : അറിയാം.

MR. K. S. JOSEPH : ആ സംപ്രദായം മാറിയത് ബ്രിട്ടീഷ് ഇൻഡ്യയിൽനിന്നും ഒരാഫീസറെ ഇവിടെ വരുത്തി സംഗതികൾ ഗവണ്മെൻറ് പഠിച്ചതിനുശേഷമാണ് എന്നറിയാമോ?

HON'BLE MR. C. KESAVAN : ഗവണ്മെൻറ് പഠിച്ചോ എന്നുള്ളത് അറിവില്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. K. S. JOSEPH : അങ്ങനെ ഒരാളെ വരുത്തി ഇവിടെ ആക്കെങ്കിലും പരിശീലനം നൽകിയിട്ടുണ്ടോ എന്നറിയാമോ?

HON'BLE MR. C. KESAVAN : അതു് നോട്ടീസുകൂടാതെ പറയാൻ കഴുകയില്ല.

MR. P. T. CHACKO : പാർവത്യകാരന്മാരുടെ രഹസ്യറിപ്പോർട്ടുകൾ വച്ചുകൊണ്ടു് അസസ്സ് ചെയ്യുന്നതായി അറിയാമോ?

HON'BLE MR. C. KESAVAN : പാർവത്യകാരന്മാരുടെ റിപ്പോർട്ടും ആഫീസറന്മാരുടെ എൻകയറിയൽ ഉൾപ്പെട്ടതു്. എന്നാൽ അതു മാത്രമല്ല കണക്കാക്കുന്നതു്.

തോട്ടം തൊഴിലാളികളുടെ കുട്ടികൾക്കു വിദ്യാഭ്യാസം.

211. MR. A. K. PATCHU PILLAI (*Peermede—General*) : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ?

(എ) റബ്ബർ, തേയിലത്തോട്ടങ്ങളിൽ സ്ഥിരതാമസക്കാരായ തൊഴിലാളികളുടെ കുട്ടികൾക്കു പ്രാഥമികവിദ്യാഭ്യാസം സൌജന്യവും നിർബ്ബന്ധിതവും ആക്കത്തക്ക വ്യവസ്ഥകൾ കഴിയുന്നതും വേഗം ചെയ്യുന്നതിനു ഗവണ്മെൻറു് ഉദ്ദേശിക്കുന്നോ?

(ബി) ഗവണ്മെൻറു് സ്വീകരിച്ചിരിക്കുന്ന നിർബ്ബന്ധിതപ്രാഥമികവിദ്യാഭ്യാസം പൂർണ്ണമാകുന്നതുവരെ അതിലേയ്ക്കു കാത്തിരിക്കേണ്ട ആവശ്യമുണ്ടോ?

(സി) എന്നത്തേയ്ക്കു് ഈ സംഗതി നടപ്പിൽ വരുത്താമെന്നു ഗവണ്മെൻറു് പ്രതീക്ഷിക്കുന്നു?

HON'BLE MR. T. M. VARGHESE : (എ) അവക്കു് പ്രത്യേകമായി ഒന്നും ഏർപ്പാടുകൾ ചെയ്തിട്ടില്ല.

(ബി) കൂടുതൽ താലൂക്കുകളിൽ നിർബന്ധവിദ്യാഭ്യാസം ഏർപ്പെടുത്തുന്നതുവരെ ഇപ്പോൾ ഉള്ള താലൂക്കുകളിൽ അവിടെയുള്ള ആളുകളുടെ എണ്ണവും മറ്റു സൌകര്യങ്ങളും കണക്കാക്കി വേണ്ടതു ചെയ്യുന്നതാണു്.

(സി) നിർബ്ബന്ധിതവിദ്യാഭ്യാസം ഇത്രകാലത്തിനകം നടപ്പിൽ വരുത്താമെന്നു ഖണ്ഡിതമായി പറയാൻ സാധിക്കയില്ലെങ്കിലും 10 വർഷംകൊണ്ടു തിരുവിതാംകൂർ ഒട്ടാകെ നിർബന്ധിതവിദ്യാഭ്യാസം നടപ്പിൽ വരുത്തണമെന്നു ഒരു നിശ്ചയം ഗവണ്മെൻറിനുള്ളതുകൊണ്ടു് ആ പ്രതീക്ഷതന്നെ നമുക്കും സ്ഥിരീകരിക്കാവുന്നതാണു്. ആ കുട്ടത്തിൽ

LIBRARY ARCHIVES Kerala Legislative Assembly